# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www.forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145

# പത്രക്കുറിപ്പ്

തീയതി.18.05.2025

**ഹണിക്കോളയും നറുനണ്ടി ചായയും – പുതിയ രുചി അനുഭവങ്ങളുമായി വനം വകുപ്പ്**

മുളയരി, ചാമ, പറണ്ടക്ക തുടങ്ങിയ പഴമയുടെ സ്വാതൂറുന്ന പായസങ്ങൾ, നെയ്യാർ സ്പെഷ്യൽ കരിമീൻ ഫ്രൈ എന്നിവ ഉൾപ്പെടെ വിവിധതരം രുചികളുടെ വിസ്മയം തീർത്തു 'എന്റെ കേരളം' പ്രദർശന വിപണന മേളയിൽ കേരള വനം വകുപ്പിന്റെ ഫുഡ് കോർട്ട്.

ഫുഡ് കോർട്ട് കൂടാതെ ശുദ്ധമായ കാട്ടുതേൻ ഉൾപ്പെടെയുള്ള വന വിഭവങ്ങളും വിൽപനക്കായി വനശ്രീ സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്.

പരിസ്ഥിതി സൗഹൃദ ഹരിത ഭക്ഷണ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന വിഭവങ്ങളാണ് വനം വകുപ്പിന്റെ ഭക്ഷണശാലയിലെ പ്രധാന ആകർഷണം. ഹണിക്കോളയും, നറുനണ്ടി ചായയും ഒരു പുതിയ രുചി അനുഭവം പ്രദാനം ചെയ്യും. കപ്പയും ഔഷധ ചമ്മന്തികളും നാടൻ മീൻകറിയും മെനുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോഷകസമൃദ്ധവും സുസ്ഥിരവുമായ ഭക്ഷ്യക്രമത്തിനായി റാഗിയെ അടിസ്ഥാനമാക്കിയ വിഭവങ്ങളും സ്റ്റാളിന്റെ പ്രത്യേകതയാണ്.

വിവിധ വന ഡിവിഷനുകളിൽ നിന്ന് ആദിവാസി/വന ഉദ്യോഗസ്ഥർ ശേഖരിച്ച 150 ഓളം വരുന്ന വന ഉൽപ്പന്നങ്ങളുടെ പ്രദർശനവും വില്പനയുമാണ് വനശ്രീ സ്റ്റാളിൽ ഒരുക്കിയിട്ടുള്ളത്.

കേരളത്തിന്റെ വിവിധ പ്രദേശത്തു നിന്നുള്ള തേനുകൾ, സുഗന്ധ ദ്രവ്യങ്ങൾ, ചന്ദനം, ചന്ദനത്തൈലം, തേയില, കാപ്പി, കറുത്ത കുന്തിരിക്കം, കുരുമുളക്, മറയൂർ ശർക്കര. കുടംപുളി, ലക്ക, ഇഞ്ച, പുൽതൈലം തുടങ്ങിയ ഉൽപ്പന്നങ്ങളാണ് വനവികസന ഏജൻസിയായ വനശ്രീയുടെ സ്റ്റാളിൽ വിൽപനക്കായി ഒരുക്കിയിട്ടുള്ളത്.

ഡയറക്ടർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ